**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5134** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികളും സ്മാർട്ട് കൃഷിഭവനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്മാർട്ട് കൃഷിഭവൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതൊക്കെ കൃഷിഭവനുകളാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ആദ്യഘട്ടത്തിൽ **കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ചിറക്കടവ് കൃഷി ഭവനാണ് സ്മാർട്ട് കൃഷി ഭവൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 1) കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നം. | പദ്ധതി | നാളിതുവരെ ചിലവഴിച്ച തുക(രൂപ) |
|---|---|---|
| 1 | പച്ചക്കറി വികസന പദ്ധതി<br>പച്ചക്കറി ഉൽപ്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പച്ചക്കറി വികസന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപാദനം വർദ്ധിപ്പിച്ച് വിഷമുക്തമായ പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സ്കൂളുകൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വിഭാഗത്തിൽ പെട്ടവരെ പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. | 50,40,721 |
| 2 | നെൽകൃഷി വികസന പദ്ധതി<br>പ്രകൃത്യാ തന്നെ നെൽകൃഷിയ്ക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ കാർഷിക ആവാസ മേഖലയിൽ കേന്ദ്രീകരിച്ച് തരിശു നില കൃഷിയ്ക്കും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി നെൽകൃഷി വികസന പരിപാടികൾ നടപ്പിലാക്കുന്നു. നെല്ലുൽപ്പാദന വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും പരിസ്ഥിതി സൗഹൃദമായ സുസ്ഥിര സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിനു വേണ്ടിയും ലക്ഷ്യമിട്ടു കൊണ്ടിട്ടുള്ളതും സമഗ്ര നൂതന ആശയങ്ങൾ ഉൾക്കൊള്ളിച്ച് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുക എന്നതുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. | 22,000 |
| 3 | ഒരു കോടി ഫലവൃക്ഷ തൈ വിതരണം<br>സർക്കാർ ഫാമുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന ഫല വൃക്ഷങ്ങളുടെ നടീൽ വസ്തുക്കൾ കൃഷി ഭവൻ വഴി കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. | 9,04,739 |
| 4 | കേരഗ്രാമം<br>സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. നാളികേര ഉൽപ്പാദന വർദ്ധനവും കർഷകന്റെ വരുമാന വർദ്ധനവും ഈ പദ്ധതി ലക്ഷ്യമിടുന്നു. | 46,76,724 |
| 5 | ഓർഗാനിക് ഫാമിംഗ്<br>സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെ സുരക്ഷിതമായ ഭക്ഷ്യോത്പ്പാദനത്തിനായുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടത്തുന്നു. ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം പച്ചില വള പ്രയോഗം എന്നിവയിലൂടെ സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യോത്പ്പാദനം സാധ്യമാക്കുന്നു. | 85,000 |
| 6 | മണ്ണ് ആരോഗ്യ പരിപാലന പദ്ധതി<br>കേരളത്തിലെ മണ്ണു സമ്പത്തിലുണ്ടായ പോഷകമൂലകങ്ങളുടെ കുറവ് പരിഗണിച്ചുകൊണ്ട് കാർഷിക വിളകളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് മണ്ണിന്റെ ആരോഗ്യം ഉയർത്തേണ്ടത് | 30,000 |

| | | |
|---|---|---|
| | അത്യന്താപേഷിതമാണ്.<br>സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി പദ്ധതിയിൽ വിവിധ മേഖലകളിൽ നിന്ന് ശേഖരിക്കുന്ന മണ്ണ് സാമ്പിളുകൾ ശാസ്ത്രീയമായി അപഗ്രഥിച്ച് സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പടെയുള്ള സസ്യപോഷണത്തെക്കുറിച്ച് സോയിൽ ഹെൽത്ത് കാർഡ് കൊടുക്കുകയും ആ കാർഡിലെ നിർദ്ദേശങ്ങളനുസരിച്ച് കൃഷിക്കാർക്ക് മാതൃകാ തോട്ടങ്ങളും പരിശീലനങ്ങളും നൽകുകയും ചെയ്യുന്നു | |
| 7 | സുഗന്ധവ്യഞ്ജന പദ്ധതി<br>കുരുമുളക് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായുള്ള വികേന്ദ്രീകൃത കുരുമുളക് നേഴ്സറികൾ, കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം, പുതിയ കുരുമുളക് തോട്ടങ്ങൾ വച്ചു പിടിപ്പിക്കുക, ഇഞ്ചി/മഞ്ഞൾ, ജാതി/ഗ്രാമ്പു കൃഷിയുടെ വ്യാപനം എന്നിവയാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. | 37,99,318 |
| 8 | കിഴങ്ങു വർഗ്ഗ വികസന പദ്ധതി<br>കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷി വ്യാപിക്കുന്നതിനായി രൂപം കെട്ടുത്തിട്ടുള്ള പദ്ധതിയാണ്. | 2,63,000 |
| 9 | ഭാരതീയ പ്രകൃതി കൃഷി പദ്ധതി<br>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കേന്ദ്ര കേരള സർക്കാർ സംയുക്ത പദ്ധതിയാണ് ഇത്. കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ 500 ഏക്കർ ഉൾക്കൊള്ളുന്ന ഒരു ക്ലസ്റ്ററിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. | 12,90,559 |
| 10 | വിള ആരോഗ്യ പരിപാലന പദ്ധതി<br>സുസ്ഥിര കാർഷിക വികസനത്തിന് വിള ആരോഗ്യ പരിപാലനം ഒരു സുപ്രധാന ഘടകമാണ്. സംയോജിത കീടരോഗ പരിപാലനം മെച്ചപ്പെട്ട വിള ആരോഗ്യപരിപാലത്തിന് സഹായിക്കും. വിളകളെ ബാധിക്കുന്ന കീടരോഗ ബാധ സസ്യപോഷണത്തിന് ആവശ്യമായ മൂലകങ്ങളുടെ ഏറ്റക്കുറച്ചിൽ മൂലം വിളകൾക്കുണ്ടാകുന്ന ദോഷങ്ങൾ എന്നിവ ഫീൽഡ് തല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിനാവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം | 3,89,086 |
| 11 | അഗ്രോ സർവ്വീസ് സെന്റർ<br>അഗ്രോ സർവ്വീസ് സെന്റർ പദ്ധതിയിൽ കാർഷിക മേഖല നേരിടുന്ന മുഖ്യപ്രശ്നമായ കർഷക തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് തദ്ദേശീയരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് തൊഴിൽ സേനകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ കൃഷിപ്പണികൾ ചെയ്തുകൊടുക്കുന്നു | 1,39,608 |
| 12 | കാർഷിക വിജ്ഞാന വ്യാപനം<br>കാർഷിക വികസനം ഫലപ്രദമാകുന്നത് കർഷകർ സ്വീകരിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിച്ചായിരിക്കും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കൃഷി സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായം അത്യന്താപേക്ഷിതമാണ്. ഈ പദ്ധതിയിൽ പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും കാർഷിക വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. | 1,29,590 |
| 13 | ആത്മ പദ്ധതി<br>സുസ്ഥിരമായ കാർഷിക വികസനം ലക്ഷ്യമാക്കി കാർഷിക മേഖലയിലെ പ്രാദേശിക പ്രശ്നങ്ങൾക്ക് മുൻഗണന നൽകി | 31,10,000 |

| | | |
|---|---|---|
| | ഉൽപാദന വർദ്ധനവ് അടിസ്ഥാനമാക്കി പദ്ധതികൾ ഏറ്റെടുക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനും, നൂതനസാങ്കേതികവിദ്യകൾ കർഷകർക്ക് പകർന്ന് നൽകുന്നതിനുമായാണ് ആത്മ പദ്ധതികൾ നടപ്പിലാക്കുന്നത്. ജൈവഗൃഹം, ഡെമോൺസ്ട്രേഷനുകൾ, കൃഷിയിടവിദ്യാലയം പ്രതിമാസ കർഷക ഉപദേശക ബുള്ളറ്റിനുകൾ കാർഷിക കർമ്മസേനയുടെ രൂപീകരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. | |
| 14 | <u>ഞങ്ങളും കൃഷിയിലേയ്ക്ക്</u><br>കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിൽ അവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിക്കുക കേരളത്തിലെ ഓരോ ഭവനവും വിഷരഹിത ഭക്ഷണ ഉത്പാദനത്തിൽ പങ്കാളിയാകുക, പരിസ്ഥിതിയെയും തനതായ കാർഷിക വിഭവങ്ങളെയും സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. | 34,260 |
| | **ആകെ** | **1,99,14,605** |

## 2) <u>വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ</u>

<u>സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ</u>

| ക്രമ നം. | പദ്ധതി | നാളിതുവരെ ചിലവഴിച്ച തുക |
|---|---|---|
| 1 | വാഴ കൃഷി വികസനം | 55,48,790 |
| 2 | ഡ്രാഗൺ ഫ്രൂട്ട് കൃഷി വികസനം | |
| 3 | ടിഷ്യൂകൾച്ചർ വാഴ കൃഷി വികസനം | |
| 4 | പ്ലാവ് കൃഷി വികസനം | |
| 5 | രണ്ടാം വർഷ പ്ലാവ് കൃഷി വികസനം | |
| 6 | റംബൂട്ടാൻ കൃഷി വികസനം | |
| 7 | പാഷൻ ഫ്രൂട്ട് കൃഷി വികസനം | |
| 8 | സങ്കരയിനം പച്ചക്കറി കൃഷി വികസനം | |
| 9 | കൊക്കോ കൃഷി വികസനം | |
| 10 | മഴമറ കൃഷി വികസനം | |
| 11 | പവർ ടില്ലർ | |
| 12 | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് | |
| 13 | ഫാം മെക്കനൈസേഷൻ | |
| 14 | മൂല്യ വർദ്ധിത യൂണിറ്റ് | |
| 15 | മൊബൈൽ വെൻഡിംഗ് കാർട്ട് | |
| 16 | പാക്ക് ഹൗസ് | |
| 17 | മാവ് കൃഷി വികസനം | |

**3) <u>ജനകീയാസൂത്രണം പദ്ധതികൾ</u>**

| ക്രമ നം. | പദ്ധതി | നാളിതുവരെ ചിലഴിച്ച തുക |
|---|---|---|
| 1 | പച്ചക്കറി കൃഷിക്ക് കൂലിചിലവ് | |
| 2 | ഏത്തവാഴ കൃഷിക്കുള്ള ജൈവവളത്തിനും സബ്സിഡി | |
| 3 | കിഴങ്ങു വർഗ്ഗ വിളകൾക്കുള്ള വിത്തു വിതരണം | |
| 4 | ഫല വൃക്ഷതൈ വിതരണം | |
| 5 | പച്ചക്കറി കൃഷി വികസന പദ്ധതി | |
| 6 | ജൈവ കൃഷി പദ്ധതി | |
| 7 | ഹരിത ഭവനം | |
| 8 | തെങ്ങ്കൃഷി വികസനം | |
| 9 | കുരുമുളക് വികസന പദ്ധതി | |
| 10 | ഗ്രൂപ്പ് പച്ചക്കറി കൃഷി | |
| 11 | ജാതി കൃഷി പദ്ധതി | |
| 12 | ഇടവിള കൃഷി വികസനം | |
| 13 | നെൽകൃഷി വികസനം – നെൽവിത്ത് വിതരണം | 62,95,615 |
| 14 | പട്ടികജാതി വിഭാഗത്തിലെ കർഷകരുടെ സമഗ്ര വികസനം | |
| 15 | തേനീച്ച കൃഷി | |
| 16 | സുഭിക്ഷകേരളം തരിശ് നെൽകൃഷിക്ക് സഹായം | |
| 17 | സുഭിക്ഷകേരളം വാഴവിത്തും വളവും വിതരണം | |
| 18 | സുഭിക്ഷകേരളം – കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം | |
| 19 | സുഭിക്ഷകേരളം – കുറ്റികുരുമുളക് തൈ വിതരണം | |
| 20 | സുഭിക്ഷകേരളം – പച്ചക്കറി തൈ വിതരണം | |
| 21 | സുഭിക്ഷകേരളം – ഫല വൃക്ഷതൈ | |